# പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2489     19/12/2012 ലെ മറുപടിക്ക്

### കാൻസർ കെയർ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

-----

| | | | |
|---|---|---|---|
| (എ) | കാൻസർ കെയർ പദ്ധതി കൊണ്ട് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്; | (എ) | സംസ്ഥാനത്ത് നിലവിൽ കാൻസർ സെന്ററുകളോ, മെഡിക്കൽ കോളേജുകളോ ഇല്ലാത്ത ഏഴ് തെരഞ്ഞെടുത്ത ജില്ലകളിലെ ജില്ല/ജനറൽ ആശുപത്രികളിൽ പുതിയ കാൻസർ കെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിനും, അങ്ങനെ ആരംഭിക്കുന്ന യൂണിറ്റുകളിൽ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനും ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും എല്ലാ ജില്ലകളിലേയും ജില്ല/ജനറൽ ആശുപത്രികളിൽ ഓറൽ കാൻസർ നിർണ്ണയ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനും കാൻസർ കെയർ പദ്ധതി വിഭാവന ചെയ്യുന്നു. എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഓറൽ കാൻസർ നിർണ്ണയ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിലേക്കായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഈ പദ്ധതിവഴി തുക അനുവദിച്ചിട്ടുണ്ട്. എറണാകുളം ജനറൽ ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റിന്റെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അൾട്രാ ഡെനോഗ്രാം മുതലായ ഉപകരണങ്ങൾ വാങ്ങുന്നതിനും തുക അനുവദിച്ചിട്ടുണ്ട്. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിൽ കാൻസർ ബോധവൽക്കരണ പരിപാടികൾ, മെഡിക്കൽ ക്യാമ്പ്, സെമിനാറുകൾ എന്നിവ നടത്തുന്നതിനും തുക അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചതെന്നും ഇതിന് എന്ത് തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | കാൻസർ കെയർ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനായി 1,66,50,000/- (ഒരു കോടി അറുപത്തിയാറ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.<br>**<u>ജില്ലകൾ തിരിച്ച്</u>**<br>ജില്ല — രൂപ<br>തിരുവനന്തപുരം - 8,95,000/--<br>കൊല്ലം - 16,95,000/-<br>പത്തനംതിട്ട - 13,95,000/-<br>ആലപ്പുഴ - 3,95,000/-<br>കോട്ടയം - 3,95,000/-<br>ഇടുക്കി - 13,95,000/-<br>എറണാകുളം - 33,95,000/-<br>തൃശ്ശൂർ - 3,95,000/-<br>മലപ്പുറം - 13,95,000/-<br>പാലക്കാട് - 16,95,000/-<br>കോഴിക്കോട് - 3,95,000/-<br>വയനാട് -14,05,000/-<br>കണ്ണൂർ - 3,95,000/-<br>കാസർഗോഡ് -1 4,05,000/-<br>ആകെ - 1,66,50,000 കോടി രൂപ<br>കൂടാതെ കാസർഗോഡ്, കൊല്ലം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, പാലക്കാട് എന്നീ ഏഴ് ജില്ലകളിലെ ജില്ല/ജനറൽ ആശുപത്രികളിൽ പുതിയ കാൻസർ കെയർ യൂണിറ്റുകളിലേക്ക് ആവശ്യമായ കാൻസർ മരുന്നുകൾ വാങ്ങുന്നതിലേക്കായി 280 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് (40 ലക്ഷം രൂപ വീതം). കൂടാതെ തിരുവനന്തപുരം ജനറൽ ആശുപത്രിയിലേക്ക് ഒരു മാമോഗ്രാഫി മെഷിൻ വാങ്ങുന്നതിലേക്കായി 45,00,000/- (നാൽപത്തി അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഉണ്ട് |

| | | | |
|---|---|---|---|
| (ഡി) | കാൻസർ രോഗ നിർണ്ണയത്തിനും പ്രാഥമിക ഉപകരണങ്ങൾ സ്ഥാപിക്കുവാനും മറ്റ് സജ്ജീകരണങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ) | എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ രോഗത്തിന് വിദഗ്ധ ചികിത്സ ഏർപ്പെടുത്തുന്നതിന് നടപടിഉണ്ടാകുമോ ? | (ഇ) | എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ രോഗത്തിന് വിദഗ്ദ ചികിത്സ ഏർപ്പെടുത്തുന്നത് സംബന്ധിച്ച നടപടി നടപ്പ് പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ